## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ ക്ളാർക്ക് ശ്രീ. അനസ്.വൈ.എ യ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം. 3203/2015/തസ്വഭവ** **തീയതി, തിരുവനന്തപുരം 28/10/2015**

---

പരാമർശം: 1. സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013.
2. ശ്രീ. അനസ്.വൈ.എ യുടെ 13.01.2015 ലെ അപേക്ഷ.
3. മുഖ്യനഗരാസൂത്രകന്റെ 25.03.2015 ലെ എ 2/301/15 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 06.06.2015 ലെ ഇ 6-491/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തിരുവനന്തപുരത്തെ മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ ക്ളാർക്ക് ശ്രീ അനസ്.വൈ.എ അന്തർവകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

ശ്രീ.അനസ്.വൈ.എ ആസ്ഥാന ഒഴിവിൽ 07.09.2011ൽ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ക്ളാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു കൊല്ലം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലേക്ക് അടുത്ത അഞ്ച് വർഷത്തേക്ക് സ്ഥലംമാറ്റം ലഭിയ്ക്കാൻ സാധ്യതയില്ലെന്നും അന്തർവകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും മുഖ്യനഗരാസൂത്രകൻ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാന് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് കൊല്ലം ജില്ലയിൽ ഒരൊഴിവ് നിലവിലുള്ളതായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ ക്ളാർക്ക് ശ്രീ അനസ്. വൈ. എ ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ അനസ്. വൈ. എ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ശ്രീകല സി എസ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
മുഖ്യനഗരാസൂത്രകൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
ശ്രീ.അനസ്. വൈ. എ, ക്ലാർക്ക്, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ